**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7985 — 24.07.2012 ൽ മറുപടിയ്ക്ക്

**ബസ്സുകളുടെ ബോഡി നിർമ്മാണം, സീറ്റുകളുടെ ക്രമീകരണം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച നിയമങ്ങൾ**

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് സ്വകാര്യ സ്റ്റേജ് കാരിയർ ബസ്സുകളുടെ ബോഡി നിർമ്മാണം, സീറ്റുകളുടെ ക്രമീകരണം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിയമങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സ്റ്റേജ് കാര്യേജ് ബസ്സുകളുടെ ബോഡി നിർമ്മാണം നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചായിരിക്കണം. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 269 പ്രകാരം സ്റ്റേജ് കാര്യേജുകളിൽ വീൽ ബേസിന് ആനുപാതികമായി സീറ്റിംഗ് കപ്പാസിറ്റി എത്രയായിരിക്കണമെന്നും, സീറ്റുകളുടെ ക്രമീകരണം എങ്ങനെയായിരിക്കണമെന്നും പ്രതിപാദിച്ചിട്ടുണ്ട്. ചട്ടം 269(1) പ്രകാരം വ്യത്യസ്ത വീൽ ബേസിന് ആനുപാതികമായി ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ സിറ്റിംഗ് കപ്പാസിറ്റി എത്രയായിരിക്കണമെന്ന് സ്റ്റേജ് കാര്യേജിലെ സീറ്റുകളുടെ കോൺഫിഗറേഷൻ 3x2 അല്ലെങ്കിൽ 2 x2 എന്ന ക്രമത്തിലോ, അല്ലെങ്കിൽ മേൽ പറഞ്ഞ ശ്രേണികളുടെ സമ്മിശ്ര രൂപത്തിലോ ആകാവുന്നതാണ് എന്നും ഇങ്ങനെ സീറ്റുകൾ ക്രമീകരിക്കുന്ന സമയത്ത് വാഹനത്തിന്റെ മദ്ധ്യഭാഗത്തായി പാസഞ്ചർ കംപാർട്ട്മെന്റിൽ ഉടനീളം ഗാംഗ്വേ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 267(1)(എ) പ്രകാരം, സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത് വാഹനത്തിന് നെടുകെയാണെങ്കിൽ ഇരുവശത്തുള്ള സീറ്റുകളുടെ പുറക ഭാഗം തമ്മിൽ കുറഞ്ഞത് 137.സെ.മീ അകലം ഉണ്ടായിരിക്കണം എന്നും ചട്ടം 267(1)(ബി) പ്രകാരം, സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത് കുറുകെയും, ഒരേ ദിശയിലുമാണെങ്കിൽ സീറ്റുകളുടെ പുറകുഭാഗം തമ്മിൽ കുറഞ്ഞത് 68 സെ.മീറ്റർ 5 മി.മീറ്റർ അകലം ഉണ്ടായിരിക്കണം എന്നും ചട്ടം 267(1)(സി) പ്രകാരം, സീറ്റുകൾ കുറുകെയും മുഖത്തോട്ടു മുഖം കാണുന്ന രീതിയിലുമാണ് ക്രമീകരിച്ചിരിക്കുന്നതെങ്കിൽ പാഡിംഗ് |

| | | |
|---|---|---|
| | | അപ്ഹോൾസ്റ്ററിയും കണക്കിലെടുക്കാതെ മുഖാമുഖമുള്ള സീറ്റുകളുടെ യാത്രക്കാരൻ ചാരിയിരിക്കുന്ന ഭാഗങ്ങൾ തമ്മിൽ കുറഞ്ഞത് 124 സെ.മീറ്റർ 5 മി.മീറ്റർ അകലം ഉണ്ടായിരിക്കണമെന്നും മാത്രമല്ല സീറ്റുകളുടെ മുൻഭാഗത്ത് പാഡിംഗും, അപ്ഹോൾസ്റ്ററിയും കണക്കിലെടുക്കാതെ കുറഞ്ഞത് 48 സെ.മീറ്റർ 5 മി.മീറ്റർ അകലം ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ സ്റ്റേജ് കാര്യേജുകളിലും കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടങ്ങൾ 267 , 269 എന്നിവ അനുസരിച്ചായിരിക്കണം സീറ്റുകൾ ക്രമീകരിച്ചിരിക്കേണ്ടത്.<br>യാത്രക്കാരെ പ്രതികൂലമായ കാലാവസ്ഥയിൽ നിന്നും സംരക്ഷിക്കുന്നതിനും യാത്രക്കാരുടെ ലഗ്ഗേജുകൾ സംരക്ഷിക്കുന്നതിനുമായി 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ യഥാക്രമം ചട്ടങ്ങൾ 275, 276 എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 280(1) പ്രകാരം ഓരോ സ്റ്റേജ് കാര്യേജിനും രണ്ട് കവാടങ്ങൾ ഉണ്ടായിരിക്കണമെന്നും, ചട്ടം 280(2) പ്രകാരം സിറ്റി, ടൌൺ സർവ്വീസ് ഒഴികെയുള്ള സ്റ്റേജ് കാര്യേജുകളിൽ കവാടങ്ങൾക്ക് ഷട്ടറുകൾ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 280(4) പ്രകാരം സ്റ്റേജ് കാര്യേജുകൾക്ക് എമർജൻസി എക്സിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ചട്ടം 281 പ്രകാരം ഹാംഗർ സ്ട്രാപ്പോടുകൂടിയ രണ്ട് ഗ്രാബ് റെയിലുകൾ സ്റ്റേജ് കാര്യേജുകളിൽ നിർബന്ധമാക്കിയിട്ടുണ്ട്. ചട്ടം 282(1) പ്രകാരം സിംഗിൾ ഡെക്ക്ഡ് വാഹനത്തിൽ പ്രവേശന കവാടത്തിലെയോ, പുറത്തേക്ക് പോകുന്നതിനുള്ള കവാടത്തിലെയോ ഏറ്റവും താഴത്തെ ചവിട്ടുപടിക്ക് വാഹനം ശൂന്യമായിരിക്കുന്ന സമയത്ത് തറ നിരപ്പിൽ നിന്നും 40 സെ.മീറ്ററിൽ കൂടുതലോ, 25 സെ.മീറ്ററിൽ കുറഞ്ഞോ ഉയരം ഉണ്ടാകുവാൻ പാടില്ല. ചവിട്ടുപടികളിൽ നോൺ-സ്ലിപ്പ് ട്രെഡ്സ് ഘടിപ്പിച്ചിരിക്കണം. മാത്രമല്ല ചവിട്ടുപടികൾക്ക് 23 സെ.മീറ്ററിൽ കൂടുതൽ വീതി ഉണ്ടാകുവാനും ചവിട്ടുപടികൾ വാഹനത്തിന്റെ ബോഡിക്ക് പുറത്തേക്ക് തള്ളി നിൽക്കുവാനും പാടില്ല. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 151 പ്രകാരം ഫസ്റ്റ് എയ്ഡ് ബോക്സ് സ്റ്റേജ് |

| | | |
|---|---|---|
| | | കാര്യേജുകളിലെല്ലാം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 29.07.2006 ലെ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേജ് കാര്യേജുകളിലെല്ലാം സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) ഭൂരിഭാഗം ബസ്സുകളിലുമുള്ള ബുദ്ധിമുട്ടുണ്ടാക്കുന്ന സ്റ്റെപ്പുകൾ, സീറ്റുകളുടെ അകലക്കുറവ്, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സീറ്റ് ക്രമീകരണം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ബസ്സിന്റെ സീറ്റുകൾ ഘടിപ്പിക്കുകയോ ബോഡി നിർമ്മിക്കുകയോ ചെയ്താൽ വാഹനം രജിസ്റ്റർ ചെയ്യുകയില്ല. രജിസ്റ്റർ ചെയ്തശേഷം മാറ്റങ്ങൾ വരുത്തിയതായി പരിശോധനയിൽ കണ്ടെത്തിയാൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ എടുത്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ